(ബി) ഇല്ല.

(സി) വീടിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് അന്വേഷണം നടത്തി മടക്കിക്കൊടുക്കുന്നതാണ്.

(ഡി) 100% ഗ്രാന്റായി നൽകുന്ന ഭവന നിർമ്മാണ ധനസഹായം, ഭവന നിർമ്മാണത്തിന് തന്നെ വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുകൊണ്ട് ഇപ്പോൾ തുടരുന്ന സമ്പ്രാദയത്തിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി

26 (1933) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 10-ാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം മത്സ്യ തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര പേർക്കാണ് വീട് നിർമ്മിക്കാൻ ധനസഹായം അനുവദിച്ചട്ടുള്ള തെന്ന് അറിയിക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം എത്ര വീട് പൂർത്തിയായെന്നും, ബാക്കി വരുന്ന വീടുകൾ എപ്പോൾ പൂർത്തിയാകുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) 273 പേർക്ക്.

(ബി) ഇതുവരെ ഒരു വീടിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണ പ്രവർത്തനം 1999-2000 സാമ്പത്തിക വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ

27 (1934) ശ്രീ. എം. മുരളി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾ ഉണ്ട് ;

(ബി) ഇവയിൽ എത്രയെണ്ണത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി പിരിച്ചു വിട്ടിട്ടുണ്ട് ;

(സി) മറ്റു കാരണങ്ങൾകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഇല്ലാത്ത മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾ എത്രയുണ്ട് ;

(ഡി) ഇവയുടെ ഭരണസമതിയിലേക്കുള്ള തെരഞ്ഞെടുപ്പ് എപ്പോൾ നടത്താൻ കഴിയുമെന്ന് പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രാഥമിക തലത്തിൽ 855 മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങളും ജില്ലാതലത്തിൽ 5 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും.

(ബി) 5 എണ്ണത്തിന്റെ.

(സി) 72.

(ഡി) അഡ്മിനിസ്ട്രേറ്റർമാരുടെ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ

28 (1935) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ കാലവർഷത്തെ തുടർന്ന് കടലിൽ മത്സ്യം പിടിക്കാൻപോയ എത്ര മത്സ്യത്തൊഴിലാളികളെ കാണാതായിട്ടുണ്ട് ;

(ബി) കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്ന പ്രവർത്തനങ്ങളിൽ സർക്കാർ സംവിധാനം നിഷ്ക്രിയമായിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതേക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാണാതായ മുഴുവൻ മത്സ്യത്തൊഴിലാളികളെയും കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

മത്സ്യബന്ധന തുറമുഖങ്ങൾ, കേന്ദ്രങ്ങൾ എന്നിവയുടെ സംരക്ഷണം

29 (T 1936) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങൾ, കേന്ദ്രങ്ങൾ എന്നിവ ശരിയായ സംരക്ഷണം ലഭിക്കാത്തതിനെ തുടർന്ന് നാശോന്മുഖമായി കൊണ്ടിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly